**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **01-09-2022 - ൽ മറുപടിയ്ക്ക്**

**ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | **സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലുകൾ കുടുംബശ്രീയുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയും സംയുക്ത സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. പ്രാദേശിക സാദ്ധ്യതയും ആവശ്യകതയും അനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലത്ത് കെട്ടിടം വാടകയ്ക്ക് എടുത്തോ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയോ വേണം ജനകീയ ഹോട്ടലുകൾ ആരംഭിക്കേണ്ടത്. കെട്ടിടത്തിൽ വെള്ളം, വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ, ഫർണിച്ചർ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തി നൽകേണ്ടതാണ്. കെട്ടിട വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്. ജനകീയ ഹോട്ടലിനാവശ്യമായ പാചക പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കുടുംബശ്രീ യൂണിറ്റ് ലഭ്യമാക്കുന്നതാണ്. കുറഞ്ഞത് 2-3 വനിതകൾ ഉൾപ്പെടുന്ന സംരംഭ ഗ്രൂപ്പായിട്ടാണ് ജനകീയ ഹോട്ടലുകൾ രൂപീകരിക്കേണ്ടത്. യൂണിറ്റ് രൂപീകരണവും യൂണിറ്റിനാവശ്യമായ പരിശീലനങ്ങളും പിന്തുണാസഹായങ്ങളും കുടുംബശ്രീ മിഷൻ നിർവഹിക്കുന്നതാണ്. ജനകീയ ഹോട്ടലുകളിൽ നിന്നും നൽകുന്ന 20 രൂപയുടെ ഓരോ ഊണിനും 10 രൂപ സബ്സിഡി കുടുംബശ്രീ മുഖാന്തിരം നൽകുന്നു. ഇത് കൂടാതെ ഹോട്ടലുകളുടെ നടത്തിപ്പിനാവശ്യമായ പാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങിക്കുന്നതിനായി പരമാവധി 50,000/- രൂപ വരെ റിവോൾവിങ് ഫണ്ട് ആയി കുടുംബശ്രീ നൽകുന്നു. നഗരസഭാതലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 30,000/- രൂപ നഗരസഭ** |

| | | | |
|---|---|---|---|
| | | | **മുഖാന്തിരവും, ഗ്രാമ തലത്തിൽ രൂപീകരിക്കുന്ന ഹോട്ടലുകൾക്ക് 20,000/- രൂപ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, കൂടാതെ 10,000/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും വർക്കിംഗ് ഗ്രാന്റായും ലഭിക്കും. ഇതിനുപുറമേ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ജനകീയ ഹോട്ടലുകൾക്ക് അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്.** |
| (ബി) | ജനോപകാരപ്രദമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഇത്തരം ജനകീയ ഹോട്ടലുകൾ പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് കൂടി അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | **ജനോപകാരപ്രദമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന ഇത്തരം ജനകീയ ഹോട്ടലുകൾ പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് കൂടി അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.** |
| (സി) | നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനകീയ ഹോട്ടലുകൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട സബ്സിഡികൾ സമയബന്ധിതമായി ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | (സി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ 30 കോടി രൂപ ജനകീയ ഹോട്ടലുകൾക്കായി വകയിരുത്തിയിട്ടുണ്ട്. ആയതിൽ 20 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ 30 കോടി രൂപയുടെ അധിക ധനാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലുമാണ്.** |

സെക്ഷൻ ഓഫീസർ